## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3290

12/12/2014-ൽ മറുപടിക്ക്

### വികസന അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ) |
| (എ) | സംസ്ഥാനത്തെ വികസന അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ വികസന അതോറിറ്റികളുടെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും പരിശോധിച്ച് അവയുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം വികസന അതോറിറ്റികളുടെ പ്രവർത്തനമാണ് ശക്തിപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എല്ലാ വികസന അതോറിറ്റികളുടേയും പ്രവർത്തനം ശക്തിപ്പെടുത്തുകയും കൊല്ലം, കോഴിക്കോട്, തൃശ്ശൂർ വികസന അതോറിറ്റികൾ പുനഃസ്ഥാപിക്കുകയും പുതുതായി വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വള്ളുവനാട്, കോഴിക്കോട്. തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (സി) | <u>വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് അതോറിറ്റി.</u><br><br>11.06.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 162/12/ത.സ്വ.ഭ.വ പ്രകാരം വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. ടി അതോറിറ്റിയുടെ പരിധിയിൽ വരുന്ന മലപ്പുറം ജില്ലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ടി അതോറിറ്റി നടത്തിവരുന്നു.<br><br><u>കോഴിക്കോട് വികസന അതോറിറ്റിയിൽ താഴെ പറയുന്ന വികസന പ്രവർത്തികൾ നടത്തിവരുന്നു.</u><br><br>1.മൾട്ടി ലെവൽ പാർക്കിംഗ് പ്ലാസ - റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്.<br><br>2.പ്രൊഫഷണൽ വനിതകൾക്കുള്ള സ്റ്റുഡിയോ അപാർട്ടുമെന്റുകൾ ഉൾപ്പെടെയുള്ള ആധുനിക ഹോസ്റ്റൽ സമുച്ചയം.<br><br>3.ബേപ്പൂർ വെയർ ഹൗസിംഗ് കോംപ്ലക്സ് വികസനം.<br><br>4.കല്ലായ് റോഡ് നവീകരണം.<br><br>5.വലിയങ്ങാടി ഏരിയ പുനർനിർമ്മാണ പദ്ധതി. |

6.പാളയം ഏരിയ വികസന പദ്ധതി.

7.മാനാഞ്ചിറ ഏരിയ വികസന പദ്ധതി.

8.എസ്.എം.സ്ട്രീറ്റ് (മിഠായി തെരുവ്) ഏരിയ വികസന പദ്ധതി.

9.എരവത്ത് കുന്ന് ടൂറിസം വികസന പദ്ധതി.

10.വിവിധോദ്ദേശ്യ കായിക സമുച്ചയം, കൺവെൻഷൻ സെന്റർ, സ്ഥിരം പ്രദർശന നഗരി.

11.അന്തർ സംസ്ഥാന ട്രക്ക് ടെർമിനൽ.

12.സൗത്ത് ബീച്ച് പാർക്കിംഗ് പ്ലാസ.

13.എലിവേറ്റഡ് വാക്ക് വേ.

<u>തൃശ്ശൂർ വികസന അതോറിറ്റി</u>

തൃശ്ശൂർ വികസന അതോറിറ്റിക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിനായി സമർപ്പിച്ച 3 പദ്ധതികൾക്ക് 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ടുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

<u>കൊല്ലം വികസന അതോറിറ്റി</u>

കൊല്ലം വികസന അതോറിറ്റി ആണ്ടാമുക്കത്തെ ചിന്നക്കടയോട് ചേർന്നുവരുന്ന വസ്തുവിൽ ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടായ 5 കോടി രൂപ ചിലവാക്കി ഒരു വ്യാപാര സമുച്ചയം ആരംഭിക്കുന്നതിനു കിറ്റ്കോയെ ചുമതലപ്പെടുത്തുകയും അത് സംബന്ധമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്. കൂടാതെ വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും, ചെറുകിട വ്യവസായ സംരംഭവും പ്രദർശനവും - താമരക്കുളം പ്രോജക്ട് PPP മോഡൽ പദ്ധതിയായ Partner Kerala Mission –ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആദ്യത്തെ 4 പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊല്ലം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പള്ളിത്തോട്ടം ഭൂമിയിൽ നിർമ്മിതി കേന്ദ്രം അനധികൃതമായി കൈയ്യേറിയ ഭൂമി തിരികെ എടുത്ത് പാർപ്പിട സമുച്ചയം നിർമ്മിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ